**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1539** **19-01-2021 - ൽ മറുപടിയ്ക്ക്**

**കർഷകക്ഷേമനിധി ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കർഷകക്ഷേമനിധി ബിൽ എന്നാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത്; ഇതുപ്രകാരമുള്ള ചട്ടങ്ങൾ തയ്യാറാക്കിയോ; ഇല്ലെങ്കിൽ ഇതിന്റെ പുരോഗതി എന്താണ്; | (എ) | കർഷക ക്ഷേമനിധി ബിൽ 2019ഡിസംബർ ഇരുപതാം തീയതി പ്രാബല്യത്തിൽ വന്നു. ഇതു പ്രകാരം കരട് ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാവുന്ന കർഷകക്ഷേമനിധി ബില്ലിലൂടെ കർഷകർക്ക് മുഖ്യമായും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്? വിശദാംശം വ്യക്തമാക്കുമോ? | (ബി) | കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുംപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും. 1. അഞ്ചു വർഷത്തിൽ കുറയാതെ അംശാദായം അടച്ച അംഗങ്ങൾക്ക് അറുപത് വയസ്സ് പൂർത്തിയായ ശേഷം ഒടുക്കിയ അംശാദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ. 2. കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും. 3. സ്ഥായിയായ ശാരീരിക മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം 4. അംഗങ്ങൾക്ക് ചികിത്സാ സഹായം, വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ, വനിതാ അംഗങ്ങളുടെയോ അംഗങ്ങളുടെ പെൺമക്കളുടെയോ വിവാഹത്തിന് ധനസഹായം, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള ധനസഹായം. 5. ഇരുപത്തിയഞ്ചു വർഷം അംശാദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ ഒരു നിശ്ചിത തുക ഒറ്റ തവണയായി നൽകൽ. 6. അംഗങ്ങൾക്കുണ്ടാകുന്ന അപകടവും മരണവും, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അപകടവും മരണവും, വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന മരണവും ശാരീരിക അവശതകളും പലവിധത്തിലുള്ള വിഷബാധകൾ ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക് അംഗങ്ങൾക്കോ കുടുംബത്തിലെ അംഗങ്ങൾക്കോ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നഷ്ടപരിഹാരം. |

സെക്ഷൻ ഓഫീസർ